(ബി) തുടക്കത്തിൽ ഈ പ്രവൃത്തികളുടെ അടങ്കൽ തുക എത്രയായിരുന്നു ; പുതുക്കിയ എസ്റ്റിമേറ്റ് തുക എത്രയാണ് ; പ്രസ്തുത പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) ഈ പദ്ധതി തയ്യാറാക്കുമ്പോൾ പ്ലാനിംഗ്, ഇൻവെസ്റ്റിഗേഷൻ എന്നിവയിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ ; കാസർഗോട്ടെ ഏറ്റവും പ്രധാനപ്പെട്ട പ്രസ്തുത പദ്ധതി പാതി വഴിയിൽ ആയത് ആരുടെ ഭാഗത്തുള്ള വീഴ്ച കൊണ്ടാണ് ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പുനരാരംഭിച്ച് എപ്പോൾ കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) ജലസേചന വകുപ്പിന്റെ പരിധിയിൽ പൊഴിക്കര റെഗുലേറ്റർ പദ്ധതിയില്ല.

**അയിരൂർ -കാഞ്ഞീറ്റുകര പദ്ധതിയുടെ നിർമ്മാണം**

**191 (856)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജകമണ്ഡലത്തിലെ അയിരൂർ-കാഞ്ഞീറ്റുകര പദ്ധതിയുടെ നിർമ്മാണം എന്നാണാരംഭിച്ചത് ; എത്ര തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത് ;

(ബി) ആദ്യഘട്ട നിർമ്മാണത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത് ; എന്തൊക്കെ പ്രവൃത്തികളാണ് ഇപ്പോൾ നടന്നുവരുന്നത് ;

(സി) ഓരോന്നിന്റെയും പുരോഗതി വ്യക്തമാക്കാമോ; കരാർപ്രകാരം എന്നത്തേക്ക് ഇവയുടെ നിർമ്മാണം പൂർത്തീകരിക്കും ;

(ഡി) ആകെ പ്രവൃത്തികളുടെ എത്ര ശതമാനം നിർമ്മാണമാണ് പൂർത്തീകരിച്ചിട്ടുള്ളത് ;

(ഇ) പ്രവൃത്തികൾക്ക് തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ ; അവ എന്തൊക്കെയാണ് ; അത് പരിഹരിക്കപ്പെട്ടോ ; സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അയിരൂർ-കാഞ്ഞീറ്റുകര ശുദ്ധജല വിതരണ പദ്ധതി 20-6-2014-ൽ നിർമ്മാണം ആരംഭിച്ചു. പ്രസ്തുത പദ്ധതിക്ക് 1400 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(ബി) ആദ്യഘട്ടത്തിൽ ഇൻടേക്ക് കിണർ, 5 എം.എൽ.ഡി. കപ്പാസിറ്റി ജലശുദ്ധീകരണശാല, ജലശുദ്ധീകരണശാലയിൽനിന്നും കാഞ്ഞീറ്റുകര ടാങ്കുവരെ 200 എം.എം.ഡി.ഐ. ഗ്രാവിറ്റി ലെയിൻ, 300 എം. എം. റാവാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല മുതൽ തേക്കുംകൽ ടാങ്ക് വരെ 200 എം.എം.ഡി.ഐ. ഗ്രാവിറ്റി ലെയിൻ, റാ വാട്ടർ പമ്പ് സെറ്റുകൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ഇപ്പോൾ ഇൻടേക്ക് കിണർ, ജലശുദ്ധീകരണശാല എന്നിവയുടെ പണികൾ നടന്നുവരുന്നു.

(സി) കിണറിന്റെയും ജലശുദ്ധീകരണശാലയുടെയും 40% പണി പൂർത്തീകരിച്ചു. കരാർ പ്രകാരം കിണറിന്റെ പണി 31-3-2016-ലും ജലശുദ്ധീകരണശാലയുടെ പണി 24-10-2015-ലും പൂർത്തിയാക്കണം.

(ഡി) അയിരൂർ-കാഞ്ഞീറ്റുകര ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തികളിൽ ഉദ്ദേശം 20% പണി പൂർത്തീകരിച്ചു.

(ഇ) ജലശുദ്ധീകരണശാലയിലേയ്ക്കുള്ള വഴിയിൽ കൂടി സാധന സാമഗ്രികൾ കൊണ്ടുപോകുന്നതിനെതിരെ കോടതിയുടെ സ്റ്റേ ഉണ്ടായിരുന്നത് പരിഹരിച്ചിട്ടുണ്ട്. സമയബന്ധിതമായി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

**തട്ടപാറ, പുളുരുത്തി ചെക്ക് ഡാമുകളുടെ നിർമ്മാണം**

**192 (857)** ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ തട്ടപാറ, പുളുരുത്തി ചെക്ക് ഡാമുകളുടെ നിർമ്മാണ നടപടികൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കുമോ ;

(ബി) ഇവയുടെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ ; എങ്കിൽ പ്രസ്തുത തടസ്സങ്ങൾ നീക്കി നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ ?